9930
16/5/18

കേരള സർക്കാർ

സംഗ്രഹം

മറയൂർ ഗവൺമെന്റ് സാൻഡൽ ഡിപ്പോയിൽ 19.11.2018 ൽ നടത്തിയ ചന്ദനലേലം ഡ്രൈയേജ് മൂലം കുറവ് വന്ന ചന്ദനത്തിന്റെ നികുതി തുക തിരികെ നൽകുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ.)നം.222/2018/വനം തീയതി, തിരുവനന്തപുരം, 11.05.2018

---

പരാമർശം :- 1) 20.06.2011 തീയതിയിലെ സ.ഉ(സാധാ)നം.270/2011/വനം നമ്പർ സർക്കാർ ഉത്തരവ്.

2) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(സംരക്ഷണം), തിരുവനന്തപുരത്തിന്റെ 21.05.2014, 21.08.2014 തീയതികളിലെ പ്രൊ(9)-14650/2014 നമ്പർ കത്തുകൾ.

## ഉത്തരവ്

മറയൂർ സാൻഡൽ ഡിപ്പോയിൽ 19.11.2018 ൽ നടത്തിയ ചന്ദന ലേലത്തിൽ കൊച്ചിൻ ദേവസ്വം ബോർഡ് 677.800 കി.ഗ്രാം ക്ലാസ് V ഗാട് ബാഡലാ ഇനത്തിൽപ്പെട്ട ചന്ദനം കി.ഗ്രാമിന് 4,200/- രൂപ നിരക്കിൽ 28,46,760/- രൂപയ്ക്ക് ലേലം കൊള്ളുകയും ടി വിലയും നികുതികളും ഒടുക്കി നിശ്ചിത സമയത്തിനുള്ളിൽ നീക്കം ചെയ്യുകയും ടി വേളയിൽ ഡ്രൈയേജ് മൂലം കുറവ് വന്ന 24.40 കി.ഗ്രാമിന്റെ വിലയായ 1,02,480 രൂപ പരാമർശം (1) പ്രകാരം റീഫണ്ട് ചെയ്തിരുന്നു. ഡ്രൈയേജ് ഇനത്തിൽ അധികമായി അടച്ച നികുതി തുകയായ 18,709 രൂപ കൂടി തിരികെ നൽകുവാൻ കൊച്ചിൻ ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയതിനാൽ ടി തുക കൂടി തിരികെ നൽകുന്നതിന് അനുമതി നൽകുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (2) പ്രകാരം ശുപാർശ സമർപ്പിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലേല വ്യവസ്ഥ പ്രകാരം ഡ്രൈയേജ് ഇനത്തിൽ കുറവ് വന്ന ചന്ദനത്തിന്റെ വില തിരികെ നൽകിയ സാഹചര്യത്തിൽ കുറവ് വന്ന തൂക്കത്തിന്റെ വിലയ്ക്കു ആനുപാതികമായി ഈടാക്കിയ നികുതി തുകയായ 18,709/- പതിനെണ്ണായിരത്തി എഴുനൂറ്റി ഒൻപത് രൂപ) 0406-01-വനവത്ക്കരണം-900-കിഴിവ് തിരിച്ചടയ്ക്കൽ എന്ന ശീർഷകത്തിൽ നിന്നും, KTC

ആർട്ടിക്കിൾ 200 പ്രകാരമുള്ള നടപടിക്രമങ്ങൾ പിന്തുടർന്ന് കൊച്ചിൻ ദേവസ്വം ബോർഡിന് തിരികെ നല്കുന്നതിന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
**അനിൽ കുമാർ. വി.എസ്**
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

നികുതി വകുപ്പ് (22815/ബി3/2014/നി.വ)

ധനകാര്യ വകുപ്പ് (അഗ്രി-എ 1/99/2017-ധന)

വെബ്ബ് ആന്റ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ